# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2112 — 26.03.2013 ൽ മറുപടിക്ക്

## ആഡംബര ബോട്ട് സർവ്വീസ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ഡി. സതീശൻ:<br>ശ്രീ. എം. എ. വാഹീദ്:<br>ശ്രീ. പി. സി. വിഷ്ണുനാഥ്:<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി അത്യാധുനിക ആഡംബര ബോട്ട് സർവ്വീസുകൾ അനുവദിക്കുന്നതിനു പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; | (എ) യും (ബി) യും (സി) യും (ഡി) യും | സംസ്ഥാനത്ത് വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി അത്യാധുനിക ആഡംബര ബോട്ട് സർവ്വീസുകൾ അനുവദിക്കുന്നതിനുള്ള പദ്ധതി നിലവിലില്ല. എന്നാൽ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിലേക്കായി ആലപ്പുഴ - കൊല്ലം റൂട്ടിൽ അപ്പർ ഡെക്ക് സംവിധാനത്തിൽ ടൂറിസ്റ്റ് ബോട്ട് സർവ്വീസ് നടത്തുന്നുണ്ട്. കൂടാതെ കായൽ ഭംഗി ആസ്വദിക്കുന്നതിനായി സീ - കുട്ടനാട് എന്ന പേരിൽ വിദേശ ടൂറിസ്റ്റുകൾക്കായി അപ്പർ ഡെക്കും തദ്ദേശീയ ടൂറിസ്റ്റുകൾക്കായി ലോവർ ഡെക്കും ക്രമീകരിച്ച് ഒരു സർവ്വീസും ഓപ്പറേറ്റുചെയ്യുന്നുണ്ട്. |
| (ബി) | എങ്കിൽ, പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | | |
| (സി) | ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്; | | |
| (ഡി) | പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് എടുത്തിട്ടുള്ളത്? | | |

സെക്ഷൻ ഓഫീസർ